REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026 ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ഉച്ചകോടിയെ ശശി തരൂർ എംപി പ്രശംസിച്ചു.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പൂർത്തിയാക്കി നാളെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ.**
- **ആലപ്പുഴയിൽ ശസ്ത്രക്രിയക്കിടെ വീട്ടമ്മയുടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ ഗുരുതര വീഴ്ച്ച സംഭവിച്ചതായി മന്ത്രി വീണാ ജോർജ്. പ്രതിഷേധവുമായി പ്രതിപക്ഷ സംഘടനകൾ.**
- **സംസ്ഥാനത്ത് നാളെയും മറ്റന്നാളും നേരിയ മഴയ്ക്ക് സാധ്യത. നാളെ അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **ICC പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ സൂപ്പർ 8 റൗണ്ട് മത്സരങ്ങൾ നാളെ. ഇന്ത്യയുടെ ആദ്യ മത്സരം മറ്റന്നാൾ ദക്ഷിണാഫ്രിക്കക്കെതിരെ.**

## വാർത്തകൾ വിശദമായി

മാനവികതയ്ക്ക് AI യുടെ പ്രയോജനങ്ങൾ ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ, നവീകരണം, ഉത്തരവാദിത്ത നിയന്ത്രണം, ആഗോള സഹകരണം എന്നിവ പ്രധാനമാണെന്ന് ഓർമ്മപ്പെടുത്തി ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026 ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. AI വ്യാപനം, അടിസ്ഥാന സൗകര്യങ്ങൾ, എല്ലവരെയും ഉൾക്കൊള്ളുന്ന ഭരണം എന്നിവയെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ നേതാക്കൾ ഉച്ചകോടിയിൽ ചർച്ച ചെയ്തു.

നവീകരണം, പങ്കാളിത്തം, ഉത്തരവാദിത്ത നിയന്ത്രണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദേശീയ AI തന്ത്രങ്ങൾ രൂപപ്പെടുത്തിയതായി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം പറഞ്ഞു.

✪✪✪

ഭാരത് AI ഇമ്പാക്ട് ഉച്ചകോടിയെ കോൺഗ്രസ് നേതാവും പാർലിമെന്റ് അംഗവുമായ ശശി തരൂർ പ്രശംസിച്ചു. ചെറിയ കുറവുകൾ ഇത്തരം വലിയ പരിപാടികളിൽ സ്വാഭാവികമാണെന്നും ആഗോള തലത്തിൽ തന്നെ AI ഇമ്പാക്ട് ഉച്ചകോടി വൻ വിജയമാണെന്നും തരൂർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാന രൂപീകരണ ദിനത്തിൽ അരുണാചൽ പ്രദേശിലെയും മിസോറാമിലെയും ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമ്മു, ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ , പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത്ഷാ എന്നിവർ ആശംസ നേർന്നു.

പ്രകൃതി സൗന്ദര്യം, സമ്പന്നമായ സാംസ്കാരിക പൈതൃകം, സംരംഭകരായ ആളുകൾ എന്നിവയാൽ ഈ സംസ്ഥാനങ്ങൾ അനുഗൃഹീതമാണെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ദേശീയ വികസനത്തിന് ശ്രദ്ധേയ സംഭാവനകളും പ്രതിബദ്ധതയും കൊണ്ട് ഈ സംസ്ഥാനങ്ങൾ തുടർന്നും പ്രചോദനം നൽകുമെന്നും രാഷ്ട്രപതി പറഞ്ഞു.

അഭൂത പൂർവമായ ഭൂപ്രകൃതിയും വൈവിധ്യങ്ങൾ നിറഞ്ഞ സംസ്കാരവും ഇഴ ചേർന്ന പാരമ്പര്യവുമായി ഈ രണ്ടു സംസ്ഥാനങ്ങളും രാജ്യത്തിന്റെ പുരോഗതിയുടെ പ്രഥമ ഉദാഹരണങ്ങളെന്നു പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ നാളെ പൂർത്തിയാകും. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ

സ്മിതി M.പള്ളുരുത്തി...

...........വോയ്സ്............

നാളെ പ്രസിദ്ധീകരിക്കുന്ന അന്തിമ വോട്ടർ പട്ടികയിൽ രണ്ട് കോടി 69 ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി നാല് വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ ഒരു കോടി 31 ലക്ഷത്തി ഇരുപത്തി ആറായിരത്തി

നാല്പത്തിയെട്ട് പേർ പുരുഷന്മാരും ഒരുകോടി 38 ലക്ഷത്തി 27 ആയിരത്തി 319 പേർ സ്ത്രീകളുമാണ്. 2,23,558 പ്രവാസി വോട്ടർമാരും 54,110 സർവീസ് വോട്ടർമാരും ഉണ്ട്. നാളെ പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയതും നിരസിച്ചതും ആയിട്ടുള്ള ഇലക്ട്രൽ ഓഫീസർമാരുടെ തീരുമാനങ്ങൾക്കെതിരെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്ക് അപ്പീൽ നൽകാൻ അവസരം ഉണ്ടാകും. ഇപ്പോൾ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പട്ടിക സമർപ്പിക്കാനുള്ള അവസാന ദിവസം വരെ പേര് ചേർക്കാൻ ഉള്ള അപേക്ഷ നൽകാനാവും. നാളെ മുതൽ ഇതിനുള്ള അപേക്ഷകൾ നൽകാനും സാധിക്കും. ഈ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോസസ് ചെയ്യുകയും തിരിച്ചറിയൽ കാർഡ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും പരിഷ്കരണ വേളയിൽ ലഭിച്ച അപേക്ഷകളിൽ 18 വയസ്സ് പൂർത്തിയാക്കാത്തവരുടെ അപേക്ഷകൾ അവർക്ക് 18 വയസ്സ് പൂർത്തിയാകുന്ന സമയത്ത് പരിഗണിച്ച് തുടങ്ങുകയും ചെയ്യും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരള - കർണാടക അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം മംഗലാപുരത്ത് ദക്ഷിണ കന്നഡ ജില്ലാ ആസ്ഥാനത്ത് ചേർന്നു. കാസർഗോഡ് ജില്ലാ കലക്ടർ K.ഇമ്പശേഖർ, കാസർഗോഡ് ജില്ലാ പോലീസ് മേധാവി വിജയഭാരത റെഡി, ദക്ഷിണ കന്നഡ ഡപ്യൂട്ടി കമ്മീഷണർ H.V. ദർശൻ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

ആലപ്പുഴയിൽ ശസ്ത്രക്രിയക്കിടെ വീട്ടമ്മയുടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ ഗുരുതര വീഴ്ച സംഭവിച്ചതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. വിഷയത്തിൽ പ്രാഥമിക റിപ്പോർട്ട് തേടിയതായും മറ്റ് മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷക സംഘം രൂപീകരിക്കുമെന്നും മന്ത്രി ആലപ്പുഴയിൽ പറഞ്ഞു.

ശസ്ത്രക്രിയ ചെയ്ത ഡോക്ടർ അഞ്ച് വർഷം മുൻപ് വിരമിച്ചെന്നും ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തിയോ എന്ന കാര്യം അറിയില്ലെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന ഗവൺമെന്റ് വീട്ടമ്മയ്ക്ക് ഒപ്പമാണെന്നും വീണാ ജോർജ്ജ് പറഞ്ഞു.

✪✪✪

സ്ത്രീയുടെ വയറ്റിൽ ശസ്ത്രക്രിയയ്ക്കിടെ കത്രിക കുടുങ്ങിയ സംഭവം ദൗർഭാഗ്യകരമാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

ഇവരുടെ തുടർചികിത്സയുടെ മുഴുവൻ ചെലവും ഗവണ്മെന്റ് വഹിക്കണമെന്നും സിസ്റ്റം ശരിയല്ലെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഗവൺമെന്റിനാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

✪✪✪

ആലപ്പുഴ മെഡിക്കൽ കോളേജിൽ വീട്ടമ്മയുടെ വയറ്റിൽ ശസ്ത്രക്രിയയ്ക്കിടെ കത്രിക മറന്നുവച്ച സംഭവത്തിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചു. മാധ്യമങ്ങളോട് സംഭവം വിശദീകരിക്കാൻ ആശുപത്രി അധികൃതർ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിലേയ്ക്ക് തള്ളിക്കയറിയാണ് പ്രവർത്തകർ പ്രതിഷേധിച്ചത്. സമരക്കാരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി

✪✪✪

ശബരിമല കട്ടിളപ്പാളിസ്വർണ്ണ കവർച്ചാകേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A.പത്മകുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. പത്മകുമാറിന്റെ സ്വാഭാവിക ജാമ്യഹർജി പരിഗണിച്ച് ഉപാധികളോടെ ജാമ്യം. അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിലാണ് ജാമ്യം ലഭിച്ചത്. എന്നാൽ ദ്വാരപാലകശില്പകേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പത്മകുമാറിന് ജയിൽമോചിതനാകാൻ സാധിക്കില്ല.

✪✪✪

നാഷണൽ ആയുഷ് മിഷൻ സംഘടിപ്പിക്കുന്ന ഹെൽത്തി കേരള ഫീൽഡ് ക്യാമ്പയിൻ ഇന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കോഴിക്കോട്ട് ഉദ്ഘാടനം ചെയ്തു. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുകയും പൊതുജനാരോഗ്യം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി രാവിലെ മാരത്തൺ സംഘടിപ്പിച്ചു. മാനാഞ്ചിറയിൽ പൊതുജനങ്ങൾക്കായി ഒരു മാസത്തെ യോഗ പരിശീലന പരിപാടിയും ഉണ്ടാകും.

✪✪✪

മലപ്പുറം മങ്കട സദാചാര കൊലക്കേസിൽ അഞ്ചു പ്രതികൾക്കും മഞ്ചേരി ഒന്നാം അഡീഷണൽ സെഷൻസ് കോടതി ജീവപര്യന്തം ശിക്ഷ വിധിച്ചു. ഒന്നു മുതൽ അഞ്ച് വരെ പ്രതികളായ ഷറഫുദ്ദീൻ, അബ്ദുൽ ഗഫൂർ, അബ്ദു നാസർ , സക്കീർ ഹുസൈൻ, മുഹമ്മദ് സുഹൈൽ എന്നിവർ കുറ്റക്കാരെന്ന് കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. 2016 ജൂൺ 28ന് കൂട്ടിൽ കുന്നശ്ശേരി നസീർ ഹുസൈനെ മർദിച്ചു കൊന്നു എന്നാണ് കേസ്.

✪✪✪

സംസ്ഥാനത്ത് നാളെയും മറ്റന്നാളും  നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മറ്റന്നാൾ പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ന്യൂനമർദവും ചക്രവാതച്ചുഴിയും കാരണ മാണ് മഴ മുന്നറിയിപ്പ് നൽകിയത്.

✪✪✪

കോഴിക്കോട് പുതിയപാലത്തെ വലിയപാലം  മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം  ചെയ്തു. കനോലി കനാലിന് കുറുകെ 16 കോടി 53  ലക്ഷം രൂപ വിനിയോഗിച്ച് 195 മീറ്റർ നീളത്തിലും 11 മീറ്റർ വീതിയിലും ആർച്ച് മാതൃകയിലാണ് പാലം നിർമ്മിച്ചത്.

✪✪✪

കണ്ണൂർ പാനൂരിനടുത്ത് പൊയിലൂർ മേപ്പാട് ബോംബ് സ്ഫോടനത്തിൽ ഒരാൾക്ക് പരിക്കേറ്റു. വീടിന്റെ പരിസരം JCB ഉപയോഗിച്ച് വൃത്തിയാക്കുന്നതിനിടെയാണ് സ്ഫോടനമുണ്ടായത്.

സ്ഫോടനത്തിൽ പരിക്കേറ്റ ടിപ്പർ ലോറി ഡ്രൈവറായ വടക്കെ പൊയിലൂരിലെ ഷമിത്ത് ലാലിനെ  തലശേരി ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെയായിരുന്നു സംഭവം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22  ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന്കൂടി  അറിയിക്കാം.

✪✪✪

ഇന്ന് ലോക സാമൂഹിക നീതി ദിനം. ദാരിദ്ര്യം, ലിംഗ അസമത്വം, തൊഴിലില്ലായ്മ തുടങ്ങിയ ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടാണ് 2007 മുതൽ ദിനാചരണം സംഘടിപ്പിക്കുന്നത്. നാഷണൽ ലോ യൂണിവേഴ്സിറ്റിയുമായി

സഹകരിച്ച് സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം ന്യൂഡൽഹിയിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

ICC പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ സൂപ്പർ 8 റൗണ്ട് മത്സരങ്ങൾ നാളെ ആരംഭിക്കും. കൊളംബോയിൽ ആദ്യ മത്സരത്തിൽ രാത്രി 7-ന് ന്യൂസിലാൻഡും പാകിസ്താനും ഏറ്റുമുട്ടും. ഞായറാഴ്ച്ചയാണ് ഇന്ത്യ - ദക്ഷിണാഫ്രിക്ക മത്സരം.

അവസാന ഗ്രൂപ്പ് B പോരാട്ടത്തിൽ ഇന്ന് ഓസ്ട്രേലിയ ഒമാനെ നേരിടും.

✪✪✪

ICC പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ സൂപ്പർ 8 റൗണ്ട് മത്സരങ്ങൾ നാളെ ആരംഭിക്കും. കൊളംബോയിൽ ആദ്യ മത്സരത്തിൽ രാത്രി 7-ന് ന്യൂസിലാൻഡും പാകിസ്താനും ഏറ്റുമുട്ടും. ഞായറാഴ്ച്ചയാണ് ഇന്ത്യ - ദക്ഷിണാഫ്രിക്ക മത്സരം.

അവസാന ഗ്രൂപ്പ് B പോരാട്ടത്തിൽ ഇന്ന് ഓസ്ട്രേലിയ ഒമാനെ നേരിടും.

✪✪✪

കോഴിക്കോട് നഗരത്തിൽ ഹിന്ദി സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് രാഷ്ട്ര ഭാഷാ വേദി സംഘടിപ്പിക്കുന്ന ഹിന്ദി ക്ലാസുകൾ ഗാന്ധിഗൃഹത്തിൽ ഇന്ന് ആരംഭിക്കും. ഗാന്ധി പീസ് ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് ക്ലാസുകൾ. എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് അഞ്ച് മുതൽ ആറര വരെയാണ് സ്പോക്കൺ ഹിന്ദി ക്ലാസ് എന്ന് രാഷ്ട്ര ഭാഷാ വേദി അറിയിച്ചു.

✪✪✪

കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഈ മാസം 25ന് നടത്തുന്നതിന്റെ  മുന്നോടിയായി കാൻസർ ചികിത്സയിൽ ആയുർവേദ സാധ്യതകളെ കുറിച്ച്  കാട്ടാമ്പള്ളിയിൽ ശാസ്ത്ര സെമിനാർ ആരംഭിച്ചു.

കാൻസർ ചികിത്സയിൽ ആയുർവേദത്തിലെ തനത് ഔഷധങ്ങളുടെ സാധ്യത തിരിച്ചറിയാനും മുഖ്യധാരാ ചികിത്സയിൽ  അത് ഉൾച്ചേർത്ത് സമഗ്രമായ ആരോഗ്യ നയം രൂപീകരിക്കാനുമാണ്  ശാസ്ത്ര സെമിനാർ.

✪✪✪

കുന്ദമംഗലം  പടനിലത്ത് ബസും മിനി പിക്കപ്പ് വാനും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. പിക്കപ്പ് വാൻ ഡ്രൈവർ  കൊടുവള്ളി മാനിപുരം സ്വദേശി സാജിത് ആണ് മരിച്ചത്.  രാവിലെയായിരുന്നു സംഭവം.

✪✪✪

BJP മുൻ ഇടുക്കി ജില്ലാ പ്രസിഡൻ്റും ജനസംഘം മുൻ പ്രവർത്തകനുമായിരുന്ന കുമളി മുരിക്കടി അമ്പലപ്പുറത്ത് G. കൃഷ്ണൻകുട്ടി അന്തരിച്ചു. 78 വയസ്സായിരുന്നു. സംസ്കാരം വൈകിട്ട് നാലിന് കുമളി മുരിക്കടിയിലെ വീട്ടുവളപ്പിൽ.

✪✪✪

ദൂരദർശൻ റിട്ടയേർഡ് എഞ്ചിനീയർ കോഴിക്കോട് കുമാരസ്വാമി റോസ് വില്ലയിൽ ബാബുരാജ് അന്തരിച്ചു. 64 വയസ്സായിരുന്നു. സംസ്ക്കാരം വൈകീട്ട് ഏഴിന് മാവൂർ റോഡ് സ്മൃതിപഥത്തിൽ.

✪✪✪

നാലു പതിറ്റാണ്ട് കാലം കോഴിക്കോടൻ പലഹാരം തയ്യാറാക്കി ശ്രദ്ധേയയായ പി.എൻ.എം. സൈനബി നൂർ അന്തരിച്ചു. 82 വയസായിരുന്നു. കബറടക്കം വൈകിട്ട് കണ്ണംപറമ്പ് ഖബർസ്ഥാനിൽ

✪✪✪

കൊച്ചി - മുസിരിസ് ബിനാലെയുടെ അനുബന്ധ പരിപാടികൾ കണ്ണൂരിൽ ആരംഭിച്ചു. പള്ളിക്കുന്ന് വി.കെ.കൃഷ്ണമേനോൻ സ്മാരക ഗവ.വനിത കോളേജിൽ പത്മശ്രീ സദനം ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കൂടിയാട്ടത്തിൻ്റെ കാലവും ഇടവും എന്ന വിഷയത്തിൽ കൂടിയാട്ടം കലാകാരി ഇന്ദു ജിയും സംഘവും സോദാഹരണ പ്രഭാഷണം നടത്തി. ഇന്ന് ഉച്ചകഴിഞ്ഞ് സംവാദം, ചലച്ചിത്ര പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കും.

✪✪✪

CISF സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോണിനെ രാവിലെ സംസ്ഥാന അതിർത്തിയായ തിരുവനന്തപുരം കളയിക്കാ വിളയിൽ സ്വീകരിച്ചു. പൂഞ്ഞാർ, ശംഖുമുഖംബീച്ച്, വേളി, വെട്ടുകാട്, തുമ്പ VSSC, വർക്കല, കൊല്ലം ബീച്ച് എന്നിവിടങ്ങളിലായിരിക്കും സൈക്ലത്തോൺ എത്തുക. വൈകിട്ട് അഴീക്കൽ ബീച്ചിൽ കലാപരിപാടികൾ സംഘടിപ്പിക്കും. പൊലീസ്, NCC കാഡറ്റ് സംഘങ്ങൾ സൈക്ലത്തോണിൽ പങ്കാളികളാവും.

✪✪✪

നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ അനിഷ്ട സംഭവങ്ങളിൽ പ്രതിഷേധിച്ച് KGMOA യുടെ നേതൃത്വത്തിൽ നിലവിലെ സമര പരിപാടികൾ ശക്തമാക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടേതാണ് തീരുമാനം.

നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ OP സേവനങ്ങൾ തുടർന്നും ബഹിഷ്കരിക്കുമെന്നും അടിയന്തര സേവനങ്ങൾ മാത്രം തുടരുമെന്നും സംഘടനാ നേതാക്കൾ വ്യക്തമാക്കി.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: മണികണ്ഠൻ*
*News Team: സിയാബ് , ശരണ്യ രാജൻ,*
*DEO സി കെ സുബോധ്*